(ബി) ഖനന സാദ്ധ്യതയുള്ള രത്നങ്ങൾ എവിടെയെല്ലാമുണ്ട്;

(സി) ഏതുതരത്തിലുള്ള രത്നമാണ് ഇവിടെ അധികം ഉള്ളത്;

(ഡി) രത്നങ്ങൾ കുഴിച്ചെടുക്കാൻ ആർക്കെല്ലാം ലൈസൻസ് നൽകിയിട്ടുണ്ട്;

(ഇ) അനധികൃതമായി രത്നങ്ങൾ കുഴിച്ചെടുക്കുന്നതു തടയാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(എഫ്) ഖനനം ഗവൺമെൻറ് ഉടമയിൽ ആക്കാൻ നടപടികൾ എടുക്കുമോ?

ഉത്തരം

(എ) ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് എന്നീ വകുപ്പുകൾ നടത്തിയിട്ടുള്ള പഠനങ്ങൾക്കു പുറമേ ഐക്യരാഷ്ട്ര സംഘടനയുടെ സഹായത്തോടെ കേരള ഖനിജ പര്യവേഷണ വികസന പദ്ധതി (കെ.എം.ഇ.ഡി.പി.) 1977-നും 1980-നും ഇടയ്ക്ക് രത്ന നിക്ഷേപങ്ങളുടെ ഖനന സാദ്ധ്യതയെക്കുറിച്ച് ഒരു പഠനം നടത്തുകയുണ്ടായി.

മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഗവൺമെൻറ് നിർദ്ദേശിച്ചതനുസരിച്ച് രത്ന വ്യവസായം വികസിപ്പിക്കുന്നതു സംബന്ധിച്ച് ഒരു സാങ്കേതിക-സാമ്പത്തിക സർവ്വേയും നടത്തുകയുണ്ടായി.

(ബി) തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ചില സ്ഥലങ്ങളിലാണ് ഖനന സാദ്ധ്യതയുള്ള രത്നങ്ങൾ നിക്ഷേപമുള്ളത്.

(സി) ക്രിസേബറിൽ (വൈഡൂര്യം) ഇനത്തിൽപ്പെട്ട കല്ലുകളാണ് കൂടുതലുള്ളത്.

(ഡി) ആർക്കും ലൈസൻസ് നൽകിയിട്ടില്ല.

(ഇ) അനധികൃതമായി രത്നം കുഴിച്ചെടുക്കുന്നതു ശ്രദ്ധയിൽപ്പെട്ടാൽ എം.എം. (ആർ.ഡി.) ആക്ടർ പ്രകാരമുള്ള നടപടികളെടുക്കുന്നുണ്ട്.

(എഫ്) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ പുതിയ നിയമങ്ങൾ

246 [560] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ പുതിയ നിയമനങ്ങൾ മരവിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചത്;

(സി) എത്ര കാലത്തേയ്ക്കാണ് ഇതു ബാധകമായിരിക്കുക;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. യുടെ നിലവിലുള്ള ലിസ്റ്റുകളിൽനിന്നും നിയമനം നടത്തരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 24-6-1985-ലെ സർക്കാർ നിർദ്ദേശ പ്രകാരമാണ് നിയമനങ്ങൾ മരവിപ്പിച്ചിരിക്കുന്നത്.

(സി) ബസ്സ് സ്റ്റാഫ് അനുപാതം ഇപ്പോൾ 9-ൽ നിന്നും ഏഴാം പഞ്ചവൽസര പദ്ധതിയുടെ അവസാനത്തോടെ 7.5-ൽ ആക്കുന്നതുവരെ.

(ഡി) ഇതു കാരണം പി.എസ്.സി. യുടെ ലിസ്റ്റിൽനിന്നും നിയമനം നടത്താൻ സാദ്ധ്യമല്ലാതായിരിക്കുകയാണ്.

ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ തൊഴിലാളി അനുപാതം

247 [561] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ നിലവിലുള്ള തൊഴിലാളി അനുപാതം എത്രയാണ്;

(ബി) ഈ അനുപാതം കുറയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്രയായി കുറയ്ക്കാനാണ് നിർദ്ദേശം;

(ഡി) ഇപ്രകാരം ഇപ്പോൾ ഒരു നിർദ്ദേശം നൽകാനുണ്ടായ സാഹചര്യമെന്താണ്?

ഉത്തരം

(എ) ഒരു ഷെഡ്യൂളിന് 10.38 തൊഴിലാളികൾ.

(ബി) ഉണ്ട്.

(സി) ഉടനെ ഒന്നാക്കി കുറയ്ക്കാനും ഏഴാം പഞ്ചവൽസര പദ്ധതിയുടെ അവസാനത്തോടെ 7.5 ആക്കാനുമാണ് നിർദ്ദേശം.

(ഡി) തുടർച്ചയായി വൻ നഷ്ടം നേരിട്ടുകൊണ്ടിരിക്കുന്ന ട്രാൻസ്പോർട്ട് കോർപ്പറേഷനെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിനുള്ള നടപടികളുടെ ഭാഗമായിട്ടാണ് ഇപ്പോൾ ഈ നിർദ്ദേശം നൽകിയിട്ടുള്ളത്.

കെ.എസ്.ആർ.ടി.സി. യിലെ അദർ ഡ്യൂട്ടി സമ്പ്രദായം നിർത്തലാക്കൽ

248 [562] ശ്രീ. സി.കെ. ചക്രപാണി:
,, ഇ. പത്മനാഭൻ:
,, ടി.കെ. ഹംസ:
,, എ.കെ. പത്മനാഭൻ:
,, സി. വാസുദേവമേനോൻ:
,, വി.എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ അദർ ഡ്യൂട്ടി സമ്പ്രദായം നിർത്തലാക്കിയോ;

LIBRARY ARCHIVES Kerala Legislative Assembly